കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.lfa.kerala.gov.in

# തെക്കും ഭാഗം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്
# 2018-19

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം**
**ഇ-മെയിൽ : doklm.ksad@kerala.gov.in**

**(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)**

കെ.എസ്.എ/കെ.എൽ.എം. പി 2.894/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ചിന്നക്കട, കൊല്ലം പിൻ - 691 001

Ph: 0474 – 2740141

E-mail: doklm.ksad@kerala.gov.in

തീയതി : 17/07/2019

**ഡെപ്യൂട്ടി ഡയറക്ടർ**

**പ്രസിഡന്റ് /സെക്രട്ടറി മുഖേന**

തെക്കുംഭാഗം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം: തെക്കും ഭാഗം ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തെക്കുംഭാഗം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ - ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ - ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന

ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

3)കാര്യാലയ പകർപ്പ്

കെ.എസ്.എ/കെ.എൽ.എം. പി 2.894/2019, തീയതി : 17/07/2019

## കൊല്ലം ജില്ലയിലെ തെക്കും ഭാഗംഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

## ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ തെക്കും ഭാഗം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 12.07.2018 മുതൽ 15.06.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 08 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 07 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.സൈമൺ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 17.06.2019 മുതൽ 27.06.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. ബിജി വർഗ്ഗീസ്,<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീ.അജ്മൽ എ.എസ്,<br>അസിസ്റ്റന്റ് ഓഡിറ്റ്ഓഫീസർ |
| | |

| | |
|---|---|
| | ശ്രീ. ചന്ദ്രപ്രകാശ്. സി.,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.താര.റ്റി, ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.പി.അനിൽ കുമാർ | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ. ജി.ശ്രീകുമാർ | 01.04.2018 മുതൽ 31.03.2019 വരെ |
| **നിർവ്വഹണ ഉദ്യോഗസ്ഥർ** | | |
| **ഉദ്യോഗപ്പേര്** | **പേര്** | **കാലയളവ്** |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ജെ.സേവ്യർ | 01.04.2018മുതൽ 31.03.2019വരെ |
| കൃഷി ഓഫീസർ | ശ്രീ.സുരേഷ് | 01.04.2018മുതൽ 31.03.2019വരെ |
| വെറ്റിനറി സർജൻ | ഡോ.ഷാജി റഹ് മാൻ | 01.04.2018മുതൽ 04.12.2018വരെ |
| | ഡോ. ഗാഥ.ജി | 05.12.2018മുതൽ 31.03.2019വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.നിതിൻ ദേവ് | 01.04.2018മുതൽ 28.11.2018വരെ |
| | ഡോ.ഷംന | 29.11.2018 മുതൽ 31.03.2019വരെ |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ.എ.സനിത | 01.04.2018മുതൽ 27.06.2018വരെ |
| | ഡോ. അനൂപ്.വി.എസ്. | 28.06.2018മുതൽ 31.03.2019വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ജയശ്രീ | 01.04.2018മുതൽ 31.03.2019വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.സവിത | 01.04.2018മുതൽ 31.03.2019വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.ജോൺസൺ | 01.04.2018മുതൽ |

| | | |
|---|---|---|
| | | 31.03.2019വരെ |
| | | |
| വി.ഇ.ഒ 1 | ശ്രീമതി.സ്വാതി കൃഷ്ണ | 01.04.2018മുതൽ 25.10.2018വരെ |
| | ശ്രീമതി.ശാരിക.ഒ.എസ് | 26.10.2018മുതൽ 31.03.2019വരെ |

| | | |
|---|---|---|
| വി.ഇ.ഒ 1 | | |
| വി.ഇ.ഒ 2 | ശ്രീമതി.വൃന്ദ കുമാരി | 01.04.2018മുതൽ 31.03.2019വരെ |
| ഐ.സി.ഡി,എസ് സൂപ്പർ വൈസർ | ശ്രീമതി.സുധർമണി | 01.04.2018മുതൽ 31.03.2019വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.കലാരഞ്ജിനി.പി | 01.04.2018മുതൽ 31.03.2019വരെ |

## ഉള്ളടക്കം


| ക്രമ നമ്പർ | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രികപരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ. | 1-12 |
| | ഭാഗം 2 | |
| 13 | ഇ-ടെണ്ടർ- ടെണ്ടർ ഫോം വില തിരികെ ഈടാക്കിയിട്ടില്ല | 2-1 |
| | ഭാഗം 3 | |
| 14 | എ.ബി.സി പദ്ധതി നിർവ്വഹണത്തിലെ അപാകത | 3-1 |

| | | |
|---|---|---|
| 15 | ലൈഫ് ഭവനപദ്ധതി _ 2018/2019 [അവലോകനം ] | 3-2 |
| 16 | പാലിയേറ്റീവ്കെയർ പദ്ധതി - മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. | 3-3 |
| 17 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-4 |
| 18 | മരാമത്ത് പ്രവൃത്തികളിലെ പൊതു അപാകതകൾ | 3-5 |
| | ഭാഗം 4 | |
| 19 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 20 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 21 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 22 | വായ്പാ/ വായ്പാ തിരിച്ചടവ് | 4-4 |
| 23 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 24 | ഓഡിറ്റ് റിക്കവറി | 4-6 |
| 25 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 26 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 27 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 28 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 29 | അനുബന്ധം -1, ഓഡിറ്റ് സാക്ഷ്യപത്രം 2018-19 | 1 |
| 30 | അനുബന്ധം -2, പത്രികകൾ | 2 |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

ബജറ്റ് 21.03.2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 04.02.2019തീയതിയിലെ 6/1-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. ബഡ്ജറ്റ് പ്രകാരം പ്രതീക്ഷിത വരവ് – 17,51,60,243/- രൂപയും ചെലവ് – 17,39,76,979/-രൂപയുമാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 25.04.2019 | --- | --- |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ചതീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-2019 | 25.06.2019 | കെ.എസ്.എ.കെ.എൽ.എം.പി2/894/2019 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 33,67,049 |
| വരവ് | 7,00,76,805 |
| ആകെ | 7,34,43,854 |
| ചെലവ് | 6,84,87,303 |
| നീക്കിയിരിപ്പ് | 49,56,551 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 1,45,34,262 | 1,45,34,262 | 1,43,81,175 | 153087 |
| | | | | | |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 36,52,000 | 36,52,000 | 34,34,428 | 217572 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 00 | 62,000 | 62,000 | 62000 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 42,70,000 | 42,70,000 | 3058445 | 1211555 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 33,66,000 | 33,66,000 | 3189021 | 176979 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 80,03,393 | 80,03,393 | 5772637 | 2230756 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | - | - | 0 | - | 0 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 3,22,59,109 | 3,22,59,109 | 3,22,59,109 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 9,519 | 7,32,666 | 742185 | 719467 | 22718 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ -എസ് എസ് എ | | 69,869 | 2,810 | 72679 | - | 72679 |
| ബി ഫണ്ട് | | 0 | 4,65,120 | 465120 | 465120 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 29,91,480 | 2,99,02,192 | 3,28,93,672 | 2,89,51,884 | 39,41,788 |
| | ട്രഷറി അക്കൗണ്ട് | 2,83,643 | 1,05,35,324 | 1,08,18,967 | 99,09,993 | 9,08,974 |
| മറ്റിനം | | 0 | 0 | 0 | | 0 |

**കുറിപ്പ്** – ജോയിന്റ് വെഞ്ചർ അക്കൗണ്ട് പ്രത്യേകം സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ തനത് ഫണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. കേന്ദ്രാവിഷ്കൃത ഫണ്ടും തനത് ഫണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീ കരിച്ച പ്രോജക്ടു |
|---|---|---|---|---|---|---|

| (എണ്ണം) | | | | (എണ്ണം) | | കളുടെ ശതമാനം |
|---|---|---|---|---|---|---|
| 136 | 8,60,36,537 | 97 | 5,54,95,150 | 33 | 6 | 71% |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 9,519 | 7,32,666 | 7,42,185 | 7,19,467 | 22,718 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 3,22,59,109.11 | 3,22,59,109.11 | 3,22,59,109.11 | - |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 225120 | 135 |
| കർഷകതൊഴിലാളി പെൻഷൻ | 1617400 | 119 |
| വിധവാപെൻഷൻ | 8861300 | 740 |
| വാർദ്ധക്യകാലപെൻഷൻ | 8429400 | 817 |
| വികലാംഗപെൻഷൻ | 3839400 | 297 |
| അവിവാഹിതർക്കുള്ളപെൻഷൻ | 1,67,200 | 14 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 2,40,000 | 08 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.06.2019ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 871/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ധനഇടപാടുകളുടെ വിവിധ രേഖകൾ ജോലിവിഭജന പ്രകാരം വിവിധ ജീവനക്കാർ പരിപാലിച്ചുവരുന്നുണ്ട്.

**എ. ഫ്രണ്ട് ഓഫീസ് പ്രവർത്തനം**

ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ഓഫീസ് സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനും സേവനങ്ങൾക്കുള്ള സമയദൈർഘ്യം കുറയ്ക്കുന്നതിനും ഉതകുന്ന പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ ലഭിക്കുന്ന അപേക്ഷകൾക്ക് രസീതുകൾ നൽകുകയും സമയബന്ധിതമായി തീർപ്പ കൽപ്പിക്കുകയും ചെയ്യുന്നു.

**ബി. നികുതി/നികുതിയേതര വരുമാനം**

കേരളാ പഞ്ചായത്ത്‌രാജ്ആക്ട് വകുപ്പ് 200 പ്രകാരമുള്ള ഇനങ്ങളിൽ നികുതി നിർണ്ണയം നടത്തി നികുതി പിരിവ് നടത്തിവരുന്നു. ഗ്രാമപഞ്ചായത്തിൽ 2018-2019വർഷം 100% നികുതി പിരിവ് നടത്തിയിട്ടുണ്ട്..

**സി. വരവ്-ചെലവുകളുടെ അക്കൗണ്ടിംഗ്**

കേരളാ പഞ്ചായത്തീരാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011പ്രകാരം വ്യക്തമായ അക്കൗണ്ടിംഗ് സമ്പ്രദായംപഞ്ചായത്തിൽ സ്വീകരിച്ചിട്ടുണ്ട്. എല്ലാ വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്. വരവുകൾ ശരിയായ രീതിയിൽ അക്കൌണ്ട് ചെയ്തിട്ടുണ്ട്. മേൽചട്ടങ്ങളുടെ 29 ാം വകുപ്പിൽ പ്രദിപാദിക്കുംപ്രകാരം ചെലവുകൾ അധികാരപ്പെടുത്തും പ്രകാരം നടത്തി വൌച്ചറുകൾ സൂക്ഷിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. പണമായും ചെക്ക്, ഡിഡിയായും നൽകുന്ന തുകകൾക്ക് കൈപ്പറ്റ് രസീതി വാങ്ങിസൂക്ഷിക്കുന്നുണ്ട്. വരവ് ചെലവുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ക്രമപ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്.

**ഡി. അനിവാര്യചുമതലകളുടെ നിർവ്വഹണം**

1994 ലെ കേരളാപഞ്ചായത്ത് രാജ് ആക്ട് , 166ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരമുള്ള അനിവാര്യ ചുമതലകൾ നിർവ്വഹിക്കുന്നതിനും പരിപാലനത്തിനുമായി പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിനും സംസ്കരിക്കുകയും ചെയ്യുന്നതിനും തെരുവുവിളക്കുകളുടെ പരിപാലനത്തിനും പരിസ്ഥിതി ആരോഗ്യമേഖലകൾ സംരക്ഷിക്കുന്നതിനും, ലൈസൻസ് നൽകൽ, കടത്തുകൾ ഏർപ്പെടുത്തുക തുടങ്ങിയ അനിവാര്യ ചുമതലകൾ നടപ്പിലാക്കുന്നതിനും ശ്രദ്ധിച്ചിട്ടുണ്ട്.

## ഇ. മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളുടെ നിർവ്വഹണം

1.കാർഷിക മേഖലയിൽ പദ്ധതികൾ ആവിഷ്കരിച്ചുവെങ്കിലും നടപ്പിലാക്കുന്നതിൽ കാര്യക്ഷമത കുറവാണ്. തരിശു ഭൂമി കൃഷിയോഗ്യമാക്കൽ പദ്ധതിയിൽ കേവലം രണ്ട് ഗുണഭോക്താക്കൾ മാത്രമാണ് പദ്ധതി പൂർത്തീകരിച്ചത്. മാതൃകാ കൃഷിത്തോട്ടം പദ്ധതിയിൽ കേവലം 63 ഗുണഭോക്താക്കൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കൃഷി മേഖലയിൽ കൂടുതൽ ഗുണഭോക്താക്കളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

2.മൃഗസംരക്ഷണ മേഖലയിൽ 17 പദ്ധതികൾ നല്ല രീതിയിൽ നടപ്പിലാക്കിയിട്ടുണ്ട്. എ.ബി.സി പദ്ധതികൾ നടപ്പിലാക്കുന്നതിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതാണ് (ഖണ്ഡിക 3-1 കാണുക)

3.പഞ്ചായത്തിൽ മത്സ്യബന്ധന പ്രവർത്തനങ്ങൾ ഏർപ്പെട്ട ധാരാളം ആൾക്കാരുണ്ടെങ്കിലും ഈ മേഖലയിൽ പദ്ധതികൾ ഒന്നും 2018-2019 സാമ്പത്തികവർഷം നടപ്പിലാക്കിയിട്ടില്ല. മത്സ്യ സമ്പത്ത് വർദ്ധനവിനും മത്സ്യകുഞ്ഞുങ്ങളുടെ ഉൽപാദനത്തിനും വർദ്ധനവിനും ഉള്ള പദ്ധതികൾ ആവിഷ്കരിച്ച നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

4.ലൈഫ് പദ്ധതിയിലൂടെ ഭവന നിർമ്മാണ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നുണ്ട്. വിദ്യാഭ്യാസ, സാമൂഹ്യക്ഷേമ ദാരിദ്ര്യ നിർമ്മാർജ്ജന, പൊതുജനാരോഗ്യ മേഖലകളിൽ നല്ല രീതിയിൽ പദ്ധതികൾ ആവിഷ്കരിച്ച നടപ്പിലാക്കിവരുന്നു.

5.പൊതുമരാമത്ത് മേഖലയിൽ 58 പദ്ധതികൾ ആവിഷ്കരിച്ച എങ്കിലും കേവലം 34 പദ്ധതികൾ മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ് (ഖണ്ഡിക 3-5 കാണുക)

## എഫ്. ആസ്തികളുടെ സംരക്ഷണം

ആസ്തി സംരക്ഷണത്തിനായുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്.

ആസ്തിരജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കുന്നില്ല. ആസ്തിയുടെ പരിശോധന നടത്തി രേഖകളുമായുള്ള പൊരുത്തപ്പെടുത്തൽ ഉറപ്പാക്കുന്നില്ല. റോഡ്കണക്ടിവിറ്റി പ്ലാൻ , സോഷ്യൽമാപ്പ് ഇവ സൂക്ഷിച്ചിട്ടില്ല.

ധന ഇടപാടുകൾ സുതാര്യവും കുറ്റമറ്റതാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ശക്തമായ അഭ്യന്തരനിയന്ത്രണ സംവിധാനം ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.06.2019 | 02/2019 - 3/2019 | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.04.2017 | 2012-2013 മുതൽ 2016-2017 വരെ | 02.06.2017 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

1. ബി.3 ഷെഡ്യൂളിൽ ക്യാപ്പിറ്റൽ കോൺട്രീബ്യൂഷനായി 3,29,29,302/- രൂപ കാണിച്ചിരിക്കുന്നു. ബി 11 + ബി 11 (എ) എന്നിവ കൂട്ടുമ്പോൾ ക്യാപ്പിറ്റൽ കോൺട്രീബ്യൂഷൻ തുക വരേണ്ടതാണ് .

ബി 11 + ബി 11 (എ) = 4,82,08,671 /-രൂപ
ബി 3 = 3,29,29,302 /-രൂപ
വ്യത്യാസം = 1,52,79,369 /-രൂപ

വ്യത്യാസം കൃത്യമായി വിശദീകരിക്കാൻ കഴിഞ്ഞിട്ടില്ല.

## ഭാഗം -2

## വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇ-ടെണ്ടർ- ടെണ്ടർ ഫോം വില തിരികെ ഈടാക്കിയിട്ടില്ല

തൻവർഷം 03 മരാമത്തുപ്രവൃത്തികൾ ഇ-ടെൻഡർ ചെയ്തിട്ടുണ്ട്. ഇപ്രകാരം ഇ-ടെൻഡറിംഗ് നടത്തുമ്പോൾ ടെൻഡർ ഫോം വില എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലാണ് ഒടുക്കുവരുത്തുന്നത്. പഞ്ചായത്തിന് അർഹമായ ടി തുക തിരികെ ഈടാക്കിയിട്ടില്ല. തൻവർഷം ടെൻഡർഫോം വിലയിനത്തിൽ 53,109/-രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ വരവുവന്നിട്ടുണ്ട്. പ്രസ്തുത തുക തിരികെ ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാത്തപക്ഷം ടി തുക പഞ്ചായത്തിന് നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകും. ആയതിനാൽ ടി തുക തിരികെ ഈടാക്കുന്നതിനുള്ള അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്. മുൻവർഷങ്ങളിലും ഈയിനത്തിലുള്ള തുക പഞ്ചായത്തിന് തിരികെ ലഭ്യമായിട്ടില്ല. പഞ്ചായത്തിന് അർഹമായ പ്രസ്തുത വരവുതുക തിരികെ ലഭ്യമാക്കുന്നതിന് ഭരണതലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈയിനത്തിൽ ലഭ്യമായ

ജി.എസ്.റ്റി തുക സർക്കാരിലേക്ക് തിരികെ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 എ.ബി.സി പദ്ധതി നിർവ്വഹണത്തിലെ അപാകത

| | | |
|---|---|---|
| പദ്ധതി: | 31/19 (ജനറൽ) | |
| ബിൽ നം: | 5/18-19 (30-8-18);തുക –<br>07/18-19 ( 29-9-18);തുക – | 1,49,260/-രൂപ |
| അടങ്കൽ | 1,50,000/-രൂപ | |
| ചെലവ് | 1,49,260/-രൂപ | |
| നിർവ്വഹണം | വെറ്റിനറി സർജൻ | |

ABC പദ്ധതി ചെലവുകളുമായി ബന്ധപ്പെട്ട ട്രാൻസ്പോർട്ടേഷൻ വൗച്ചർ, മരുന്ന് ഉപയോഗത്തിന്റെ വൗച്ചറുകൾ stock രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.വന്ധ്യംകരണ റിപ്പോർട്ട് പ്രകാരം 5-8-18, 14-8-18, 16-8-18, 17-8-18, 31-8-18 തീയതികളിൽ സർജറി നടത്തിയ നായ്ക്കളെ തെക്കുംഭാഗത്ത് നിന്ന് ട്രാൻസ്പോർട്ടേഷൻ നടത്തിയിട്ടില്ല. ഇതിന് മുൻപുള്ള ദിവസങ്ങളിൽ നായ്ക്കളെ പിടിച്ചതായിട്ടുള്ള Way Bill വൗച്ചർ പ്രകാരവും വന്ധ്യംകരണ റിപ്പോർട്ട് പ്രകാരവും 2-8-18, 3-8-18, 4-8-18 തീയതികളിൽ നായ്ക്കളെ സർജറി നടത്തിയിട്ടുണ്ട്. ഓരോ ദിവസവും പിടിക്കുന്ന നായ്ക്കളുടെ എണ്ണം, പിടിച്ച സ്ഥലം, സർജറിക്ക് ശേഷം തിരികെയെത്തിച്ചവയുടെ എണ്ണം ഒന്നും സർജൻ എഴുതി സൂക്ഷിച്ചിട്ടില്ല. കൂടാതെ Way Bill ൽ പന്മനയിൽ നിന്നും പന്മനയിലേക്ക് എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളതും. ആയത് കൊണ്ട് തന്നെ ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (മൂന്ന്, നാല് ) നൽകിയ മറുപടി അംഗീകരിക്കത്തക്കതല്ല. Way Bill വൗച്ചർ, Dog കാച്ച് റിപ്പോർട്ട് എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ ചെലവ് വൗച്ചറുകളുടെ വിശ്വസനീയത ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടില്ല.

2.ഇൻവോയ്സുകൾ പ്രകാരം മരുന്നുകൾ ലഭിച്ചിട്ടുള്ളത് 2-8-18, 22-8-18, 4-9-18 തീയതികളിലാണ്. ടി തീയതികളിൽ തന്നെയാണ് സ്റ്റോക്കിലെടുത്തിട്ടുള്ളതും (Page 1 മുതൽ 25 വരെ). എന്നാൽ മെഡിസിൻ ട്രാൻസ്പോർട്ടേഷൻ വൗച്ചർ പ്രകാരം മെഡിസിൻ, Surgical equipments എന്നിവ ട്രാൻസ്പോർട്ട് ചെയ്തിരിക്കുന്നത് 30-7-18 ൽ ആണ്. (വൗച്ചർ നം: 3 ). സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ മരുന്നുകൾ ലഭിച്ച ദിവസം തന്നെ പൂർണ്ണമായിട്ടും ഇഷ്യൂ ചെയ്തതായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

വന്ധ്യംകരണ ദിവസങ്ങളിൽ ഉപയോഗിച്ച മരുന്നുകൾ ,equipments എന്നിവയുടെ ദിവസേനയുള്ള ഇഷ്യൂ, stock ബാലൻസ് എന്നിവ എഴുതിയിട്ടില്ല.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് സൂക്ഷിക്കുന്ന വൗച്ചറുകൾ സുതാര്യതയോടെയും കൃത്യമായും പരിശോധനാ യോഗ്യമായ രീതിയിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.

**ഓാഡിറ്റ് എൻക്വയറി നമ്പർ – 3/18-06-2019 & 4/20-06-2019**

## 3-2 ലൈഫ് ഭവനപദ്ധതി _ 2018/2019 [അവലോകനം ]

സ്വന്തമായി ഭൂമിയുള്ളവർക്ക് വീട് പൂർത്തിയാക്കുന്നതിന് ഉതകുന്ന ധനസഹായം ഉറപ്പാക്കുകയും നിർമ്മാണം അപൂർണ്ണമായ വീടുകളുടെ പൂർത്തീകരണത്തിന് സഹായം ലഭ്യമാക്കുകയും ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് ഭവന സമുച്ചയങ്ങൾ അടിസ്ഥാനമാക്കിയുള്ള സമഗ്രപുനരധിവാസ പദ്ധതിയും സ്വന്തം ജീവനോപാധി കണ്ടെത്താനുള്ള കൈത്താങ്ങും ലക്ഷ്യമിട്ട് ബഹു കേരള സർക്കാർ രൂപം നൽകിയ പദ്ധതിയാണ് ലൈഫ് മിഷൻ.

2018-2019 വർഷം ആരംഭിച്ച ലൈഫ് ഭവന പദ്ധതിയിൽ തെക്കുംഭാഗം ഗ്രാമ പഞ്ചായത്തിൽ ആകെ 102 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായി ഹഡ്കോയിൽ നിന്നും 1,73,20,000/-രൂപ വായ്പാ ധനസഹായം ലഭ്യമായിട്ടുണ്ട്. തൻവർഷം 1,72,78,120/- രൂപ ചെലവഴിച്ചിട്ടുണ്ട്. 88 ഗുണഭോക്താക്കൾ കരാർ ചമച്ചതിൽ 26 പേർ (24 ജനറൽ, 02 എസ്.സി) ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| അർഹരായ ഗുണഭോക്താക്കൾ | 102 | |
| കരാർ വെച്ച ഗുണഭോക്താക്കൾ | 88 | ജനറൽ - 8l |
| | | എസ്.സി- 7 |
| പണി പൂർത്തിയാക്കിയവർ | 26 | ജനറൽ- 24 |
| | | എസ്.സി-02 |
| മേൽക്കൂര വരെ മാത്രം | 43 | ജനറൽ - 39 |
| | | എസ്.സി-04 |
| ഭിത്തി മട്ടം വരെ മാത്രം | 10 | ജനറൽ- 10 |
| അടിസ്ഥാനം വരെ മാത്രം | 03 | ജനറൽ- 3 |
| കരാർ വെച്ച് പണി തുടങ്ങാത്തവർ | 06 | ജനറൽ- 5 |
| | | എസ്.സി-01 |
| **ഗഡുക്കൾ കൈപ്പറ്റിയവരുടെ എണ്ണം:** | | |
| അവസാന ഗഡു വരെ(4 ലക്ഷം) | 26 | ജനറൽ- 24 |
| | | എസ്.സി-02 |

| | | |
|---|---|---|
| മൂന്നാം ഗഡു വരെ (3 ലക്ഷം) | ജനറൽ | 34 |
| | എസ്.സി | 03 |
| രണ്ടാം ഗഡു വരെ കൈപ്പറ്റിയവർ | ജനറൽ | 10 |
| ആദ്യ ഗഡു മാത്രം കൈപ്പറ്റിയവർ | ജനറൽ | 09 |
| | എസ്.സി) | 01 |
| ബാലൻസ് തുക | 41,880/- | |

കരാർ ചമച്ചിട്ടും പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തവരെക്കൊണ്ടും നിർമ്മാണം പൂർത്തീകരിക്കാത്തവരെക്കൊണ്ട് നിർമ്മാണം പൂർത്തീകരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-3 പാലിയേറ്റീവ്കെയർ പദ്ധതി - മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.

അലോപ്പതി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പാലിയേറ്റീവ് കെയർ പദ്ധതിയിൽ രോഗികൾക്ക് മരുന്നു വാങ്ങുന്നതിനായി മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയ മുഴുവൻ തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതി നമ്പർ, പേര് | എസ്.040/19, പാലിയേറ്റീവ് കെയർ |
| ബിൽ നമ്പർ | 26/15.03.2019 |
| തുക | 75,000/-രൂപ |

പി.ആർ.എഫ്-4,989/05.03.2019 പ്രകാരം 75,000/- രൂപ 15.03.2019ൽ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് മേൽ ബിൽ പ്രകാരം ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ 13.05.2019ലെ ഇൻവോയ്സ് നമ്പർ-1760/13.05.2019 പ്രകാരം 12,933/-രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. 62,067/- രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമാകാൻ ശേഷിക്കുന്നു.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നമ്പർ 06/22.06.2019**

## 3-4 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു.

2018-2019 വർഷം വിവിധ ഉദ്യാഗസ്ഥർ നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പദ്ധതികളുടെ പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പദ്ധതി നമ്പർ / പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | ബിൽ നമ്പർ | തുക (രൂപ) | റിമാർക്സ് |
|---|---|---|---|---|---|
| 1 | പദ്ധതി നമ്പർ എസ്.072/2019 പി.എം.എ.വൈ അധിക വിഹിതം നൽകൽ | സെക്രട്ടറി | 02/2018-2019 തീയതി26.07.2018 | 1,80,000 | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ചവറയ്ക്ക് തുക നൽകിയിട്ടുണ്ട് **പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല** |
| 2 | പദ്ധതി നമ്പർ എസ്.037/2019 കന്ന്കുട്ടി പരിപാലനം | വെറ്റിനറി സർജൻ | 20/2018-2019 തീയതി23.09.2018 | 9,00,000 | അസിസ്റ്റന്റ് ഡയറക്ടർ കാഫ് ഫീഡിംഗിന് തുക നൽകിയിട്ടുണ്ട്. **പദ്ധതി പൂർത്തീകരിച്ചിട്ടില്ല** |
| 3 | പദ്ധതി നമ്പർ എസ്.073/2019 കണ്ടലഴക് | കൃഷി ഓഫീസർ | 04/2018-2019 തീയതി26.09.2018 | 1,00,000 | ജില്ലാ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് തുക നൽകിയിട്ടുണ്ട്. **പദ്ധതി പൂർത്തീകരിച്ചിട്ടില്ല** |
| ആകെ | | | | **11,80,000** | |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് പദ്ധതി നിർവ്വഹണം പൂർത്തിയാകുന്ന മുറയ്ക്ക് പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കുന്നതാണ് എന്നാണ് മറുപടി നൽകിയത്. പദ്ധതി നിർവ്വഹണം പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ ചെലവ് ചെയ്ത തുക തടസ്സപ്പെടുത്തുന്നു. പൂർത്തീകരണസാക്ഷ്യപത്രം ഹാജരാക്കി തടസ്സം നീക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നമ്പർ** 04/20.06.2019

**തടസ്സപ്പെടുത്തിയ തുക** 11,80,000/-രൂപ

## 3-5 മരാമത്ത് പ്രവൃത്തികളിലെ പൊതു അപാകതകൾ

2018-2019 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തിയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.35 പദ്ധതികൾ നടപ്പിലാക്കിയതിൽ 24 ഫയലുകളിലും എസ്റ്റിമേറ്റ് റിപ്പോർട്ട് സൈറ്റ് പ്ലാൻ എന്നിവ ഇല്ലായിരുന്നു. റോഡ് കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2.തൻവർഷം നടപ്പിലാക്കിയ റോഡ്, ഓട തുടങ്ങിയ നിർമ്മാണപ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല. മുൻവർഷം ചെയ്ത

പ്രവൃത്തികളുടെ തുടർച്ചയായാണ് ഭൂരിഭാഗം റോഡുകളും, ഓടകളും ചെയ്തിട്ടുള്ളത്. തന്മൂലം സൈറ്റ് പരിശോധനയിൽ തൻവർഷത്തെ പ്രവൃത്തി എവിടെയാണ് തുടങ്ങിയത് എവിടെയാണ് അവസാനിച്ചത് എന്ന് ചൂണ്ടികാണിക്കാൻ എ.ഇയ്ക്ക് പോലും സാധിച്ചില്ല. ഇത് ഒഴിവാക്കുന്നതിന് ഓരോവർഷം ചെയ്യുന്ന പ്രവൃത്തിയുടെ ചെയിനേജ് എസ്റ്റിമേറ്റിലും എം.ബുക്കിലും കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

3. 8 പ്രവൃത്തികൾ ഡി.പി.സി അംഗീകാരം വാങ്ങിയിരുന്നെങ്കിലും 34 പ്രവൃത്തികൾ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4.തൻവർഷം നടപ്പിലാക്കിയ പ്രധാന പ്രവൃത്തികളിൽ പലതിന്റേയും എസ്റ്റിമേറ്റ് കരാർ വച്ച് പ്രവൃത്തി ആരംഭിച്ചതിന് ശേഷം റിവൈസ് ചെയ്തിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാനുള്ള കാരണം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. എസ്റ്റിമേറ്റ് റിവൈസ് ചെയ്തുകൊണ്ടുള്ള കമ്മിറ്റി തീരുമാനത്തിലും വ്യക്തമായ കാരണം രേഖപ്പെടുത്തിയിട്ടില്ല.

5.പഞ്ചായത്ത് കമ്മിറ്റി ഹാളിന്റെ പുനരുദ്ധാരണം എന്ന പ്രവൃത്തിയും ഇപ്രകാരം റിവൈസ് ചെയ്യുകയും ആദ്യം എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് 15 ഇനം അധികമായി ചെയ്യേണ്ടിവന്നു.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയിൽ തദ്ദേശ വാസികളുടെയും വാർഡ് മെമ്പറുടെയും ആവശ്യപ്രകാരമാണ് മാറ്റങ്ങൾ വരുത്തിയിട്ടുള്ളത് എന്നാണ് എ.ഇ വിശദീകരണം നൽകിയത്. പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടത്തിന്റെ പുനരുദ്ധാരണം നടത്തുമ്പോൾ പഞ്ചായത്ത് കമ്മിറ്റിയുമായി ചർച്ച ചെയ്ത് ആവശ്യകത മനസ്സിലാക്കി വേണം എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്.

**ഓഡിറ്റ് എൻക്വയറി നം. – 8/25-06-2019**

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രൊജക്ടിന്റെ പേര് | ചെലവ് (₹) | ബാലൻസ് (₹) |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-2019 | 10,70,225 | ലൈഫ് മിഷൻ (ജനറൽ) | 10,70,225 | - |
| | | 2,43,802 | ലൈഫ് മിഷൻ (എസ്.സി) | 2,43,802 | |
| | | 1,50,000 | മത്സ്യ തൊഴിലാളികളുടെ കുട്ടികൾക്ക് ലാപ്ടോപ്പ് | 1,50,000 | |
| | | 2,00,000 | അങ്കണവാടി പോഷകാഹാരം | 2,00,000 | |
| | | 1,00,000 | പാലിയേറ്റീവ് കെയർ | 1,00,000 | |
| | | 1,00,000 | സ്കോളർഷിപ്പ് | 1,00,000 | |
| | | 7,00,000 | ഡയറി | 7,00,000 | |
| | | 4,00,000 | അഗതി ആശ്രയ | 4,00,000 | |
| ജില്ലാ പഞ്ചായത്ത് | | 11,44,055 | ലൈഫ് മിഷൻ (ജനറൽ) | 11,44,055 | |
| | | 7,83,797 | ലൈഫ് മിഷൻ (എസ്.സി) | 2,83,797 | 5,00,000- |
| വനിതാ ശിശു വികസന വകുപ്പ് | | 6,63,163 | അങ്കണവാടി പോഷകാഹാരം | 6,63,163 | - |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ

# വിവരങ്ങൾ

**ഇല്ല**

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1,73,20,000/-രൂപ വരവുണ്ട്. ഇതിൽ 1,72,78,120/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | തൻവർഷം തിരിച്ചടച്ച തുക (₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ (ഹഡ്കോ) | ജി.ഒ. (എം.എസ്) 68/18; 18.05.18 ജി.ഒ. (എം.എസ്) 111/18; 13.08.18 | 1,73,20,000 | - | - | - | 1,73,20,000 |

# 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 500 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 500 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 500 |

**<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു</u>**

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| ഇല്ല | | | | | |

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച/വരവില്ല. 20,356/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (രൂപ) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2010-2011 & 2011-2012 | 3-3 (എ) | 11,160/- | ശ്രീമതി.മഞ്ജു.ആർ.വി | 118020100006/ 03.04.2018 |
| | 3-7 (2) | 3,665/- | ശ്രീമതി.ഗിരിജാദേവി ഐ.സി.ഡി.എസ് സൂപ്പർവൈസർ | 118020100121/ 24.04.2018 |
| 2017-2018 | 3-4 | 240/- | ശ്രീമതി.ഹരിപ്രീയ | 118020102015/ 15.12.2018 |
| | | 240/- | ശ്രീമതി.ഹരിപ്രീയ | 118020102046/ 18.12.2018 |
| | | 360/- | സുജാകുമാരി | 118020102214/ 07.01.2019 |
| | | 600/- | ശ്രീമതി.മേഘന | 118020102298/ 22.01.2019 |
| | 11(1) | 100/- | ശ്രീമതി.പ്രസന്നകുമാരി | 118020102291/ 22.01.2019 |
| | | | | |

| | | | | |
|---|---|---|---|---|
| | 11(1) | 100/- | ശ്രീ.രാജേന്ദ്ര കുറുപ്പ് | 118020102292/ 22.01.2019 |
| | | | | |
| | 3-9 | 3,891/- | ശ്രീ മനോജ്, അസിസ്റ്റന്റ്എഞ്ചിനീയർ | 118020100369/ 12.06.2018 |

| | | | | |
|---|---|---|---|---|
| 2016 – 2017 | | | | |

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-2009 | 2-1 | 2010-2011 | 2(5) | വരുമാന വർദ്ധനവിനുള്ള നടപടികളുടെ അഭാവം | 100 ശതമാനം പിരിവ് നടന്നിട്ടുണ്ട്. |

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

## (എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

### (ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | ശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2010 – 2011 | 3-3 (എ) | ശ്രീമതി. മഞ്ജു | | | 11,160 (118020100006/ 03.04.2018) | | | | 11,160 | - | |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

## (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,34,43,854 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,84,87,303 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 11,80,000 |

## (ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | ഇല്ല | | |

## ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-4 | 1 | 1,80,000 | ശ്രീ.ജി. ശ്രീകുമാർ, സെക്രട്ടറി, തെക്കുംഭാഗം ഗ്രാമ പഞ്ചായത്ത് |
| | 2 | 9,00,000 | ശ്രീ.ജി. ഷാജി റഹ്മാൻ , വെറ്റിനറി സർജൻ, തെക്കുംഭാഗം ഗ്രാമ പഞ്ചായത്ത് |
| | | | |

| | | | |
|---|---|---|---|
| | 3 | 1,00,000 | ശ്രീ.സുരേഷ്, കൃഷി ഓഫീസർ, തെക്കുംഭാഗം ഗ്രാമ പഞ്ചായത്ത് |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ജി.ശ്രീകുമാർ, സെക്രട്ടറി | ശ്രീ.ജി. ശ്രീകുമാർ, സെക്രട്ടറി, തെക്കുംഭാഗം ഗ്രാമ പഞ്ചായത്ത് | ശ്രീഭവൻ,<br>മേനംപള്ളി,<br>മുകുന്ദപുരം പി.ഒ<br>ചവറ<br>പിൻ 691585 |
| ശ്രീ.ജി.ഷാജിറഹ്മാൻ വെറ്റിനറി സർജൻ, | ശ്രീ.ജി. ഷാജി റഹ്മാൻ , വെറ്റിനറി സർജൻ, തെക്കുംഭാഗം ഗ്രാമ പഞ്ചായത്ത് | ശ്രീ.ജി. ഷാജി റഹ്മാൻ , ദാറുൾ റഹ്മ, കോളജ് നഗർ,<br>ടി.കെ.എം.കോളജ് പി.ഒ,കരിക്കോട് |
| ശ്രീ.സുരേഷ്,<br>കൃഷി ഓഫീസർ, | ശ്രീ.സുരേഷ്,<br>കൃഷി ഓഫീസർ,<br>തെക്കുംഭാഗം ഗ്രാമ പഞ്ചായത്ത് | ലക്ഷ്മി വിഹാർ<br>എടപ്പഴ, നേമം പി.ഒ<br>തിരുവനന്തപുരം |

# 4-10 തീർപ്പാക്കാൻ ശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2005-2006 | കെ.എസ്.എ.കെ.എൽ.എം.പി2/365/18/27-3-18 | |
| 2007 -2008 | കെ.എസ്.എ.കെ.എൽ.എം പി2/365/18/ 27-3-18 | |
| 2008 -2009 | കെ.എസ്.എ.കെ.എൽ.എം പി2/365/18/ 27-3-18 | 2 |
| 2009 -2010 | കെ.എസ്.എ.കെ.എൽ.എം പി2/365/18/ 27-3-18 | 2 |
| 2012-2013 | എൽ.എഫ്.ക്യു.പി.5.126/15/18.05.2015 | |
| 2013-2014 & 2014-2015 | കെ.എസ്.എ.കെ.എൽ.എം പി5-282/16/12.02.16 | |
| 2015-2016 | കെ.എസ്.എ.കെ.എൽ.എം പി5-1798/16/2.12.16 | |
| 2016-2017 | കെ.എസ്.എ.കെ.എൽ.എം പി2-1080/17/22.6.17 | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

# അനുബന്ധം 1 ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ-കെ.എൽ.എം./പി2/894/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
ചിന്നക്കട, കൊല്ലം.
പിൻ - 691 001, Ph: 0474 – 2740141
E-mail: doklm.ksad@kerala.gov.in

തീയതി : 17/7/2019

## ഓഡിറ്റ് സാക്ഷ്യപത്രം 2018-19

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രേളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **തെക്കുംഭാഗം ഗ്രാമപഞ്ചായത്തിന്റെ 2018-2019** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ **തെക്കുംഭാഗം ഗ്രാമപഞ്ചായത്തിന്റെ 2018-2019** ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കൊല്ലം ജില്ലാ ഓഡിറ്റ് കാര്യാലയം**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

No.KSA.KLM.P2-894/2019 , Dated – 17/07/2019

## AUDIT CERTIFICATE 2018-19

Certified that I have examined the Annual Financial Statement of **Thekkumbhagom Grama Panchayath** for the year ended on 31.03.2019 in Kollam District in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of The Kerala Panchayat Raj Act 1994; the rule made there under and the guidelines issued by The Comptroller and the Auditor General of India for the Certification of Accounts of Panchayat Raj Institutions.

In my opinion the financial statements of **Thekkumbhagom Grama Panchayath** for the year **2018-19** subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

**DEPUTY DIRECTOR**
Kerala State Audit Department
District Office, Kollam

# അനുബന്ധം -2 പത്രികകൾ.

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

**ഡെപ്യൂട്ടി ഡയറക്ടർ**

**ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**